## പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1029 — 12.12.2012-ൽ മറുപടിയ്ക്ക്

### സീപ്ലെയിൻ സർവ്വീസ്

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ.തോമസ് ചാണ്ടി** | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) 2012 -2013 - കെ. എസ്.ഐ. ഡി. സി.യ്ക്ക് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് അനുവദിച്ചിരിക്കുന്ന 12 കോടി രൂപ വിനിയോഗിച്ച് എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കുമോ ; | (എ) സീപ്ലെയിൻ പദ്ധതിക്കായി കെ.എസ്. ഐ.ഡി.സിക്ക് ആണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ആയി കെ.ടി.ഐ.എൽ.നെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ തുക ഉപയോഗപ്പെടുത്തിക്കൊണ്ട് സീപ്ലെയിൻ സർവ്വീസിന് ആവശ്യമായ വാട്ടർ ഡ്രോമുകൾ, സുരക്ഷക്കായി ഉപയോഗിക്കുന്ന സ്പീഡ് ബോട്ടുകൾ, ടെർമിനൽ ബിൽഡിംഗ് ആയി ഉപയോഗിക്കുന്ന ഹൗസ് ബോട്ടുകളുടെ രൂപകല്പനയും പുനർ നിർമ്മാണവും, വാർത്താ വിനിമയ സംവിധാനങ്ങൾ, അഗ്നിശമനോപകരണങ്ങൾ, എംബർക്കേഷൻ/ ഡിസെംബാർക്കേഷൻ, ഫ്ളോട്ടിംഗ് ജെട്ടികൾ മുതലായ സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (ബി) സീപ്ലെയിൻ പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന |

തിനും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ പവർഹാൻസ് ഹെലികോപ്റ്റേഴ്സിനെ നിയോഗിച്ചു. എമേർജിംഗ് കേരളയുടെ ഭാഗമായി 13.09.12-ൽ സീപ്ലെയിൻ സർവീസിൽ താത്പര്യമുള്ള നടത്തിപ്പുകാരുടെ ഒരു സമ്മേളനം നടത്തുകയുണ്ടായി. പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് മുൻഗണനാ പ്രദേശങ്ങളിലെ സാധ്യതാ പഠന റിപ്പോർട്ടും വിശദമായ പ്രോജക്ട് റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. അടിസ്ഥാന സൗക ര്യങ്ങളുടെ വികസനത്തിനായി കിറ്റ്കൊയെ ചുമതലപ്പെടുത്തി. പ്രസ്തുത പ്രവർത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ